I ഇ.ബി. XIII – കേരള നിയമസഭ/II-7

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഒക്ടോബർ 4, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### അടിയന്തരപ്രമേയ നോട്ടീസ്

### കഠിനതടവിന് ശിക്ഷിക്കപ്പെട്ട് തടവിൽ കഴിയുന്ന മുൻമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഫോണിലൂടെ ഭരണകാര്യങ്ങളിൽ ഇടപെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: റൂൾ 50 അനുസരിച്ച് ഒരു നോട്ടീസ് കിട്ടിയിട്ടുണ്ട്. റൂൾ 52(1) അനുസരിച്ച് ഒരേ യോഗത്തിൽ സമാന സ്വഭാവമുള്ള ഒന്നിലധികം പ്രമേയങ്ങൾ അവതരിപ്പിക്കാൻ പാടില്ലെന്നുണ്ട്. ഇന്നത്തെ നോട്ടീസിൽ പറയുന്നത്, സുപ്രീം കോടതി വിധിയിലൂടെ കഠിനതടവിന് ശിക്ഷിക്കപ്പെട്ട് തടവിൽ കഴിയുന്ന മുൻമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള മുഖ്യമന്ത്രിയെ അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയുടെ ഫോൺവഴി വിളിച്ച് ഭരണത്തിലിടപെട്ടു എന്ന ഗുരുതരമായ പ്രശ്നം പുറത്തുവന്നിരിക്കുന്നു എന്നതാണ്. കഴിഞ്ഞ ദിവസത്തെ അടിയന്തര പ്രമേയ നോട്ടീസിൽ പറയുന്നത്, തടവിൽ

കഴിയുന്ന ജയിൽപ്പുള്ളി തെളിവ് നശിപ്പിക്കുന്നതിന്റെ ഭാഗമായി ഉന്നത ഭരണകർത്താക്കളുമായി ഫോണിൽ ഇടപെട്ടതായി പറയപ്പെടുന്ന സംഭവ ത്തെത്തുടർന്ന് ഉണ്ടായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം എന്നതാണ്. ഇതുരണ്ടും ഒരു വിഷയമാണ്. ഇന്നത്തെ അടിയന്തരപ്രമേയത്തിനുള്ള നോട്ടീസിന് അവതരണാനുമതി നൽകാൻ സാധ്യമല്ല. ഒന്നാമത്തെ സബ്മിഷ നായി ഇത് അനുവദിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇന്നലെ ഈ വിഷയം ചർച്ച ചെയ്തിട്ടില്ല; അനുമതി നിഷേധിച്ചതാണ്. ചർച്ച ചെയ്ത ഒരു കാര്യം വീണ്ടും ചർച്ച ചെയ്യാൻ പാടില്ലെന്ന് മാത്രമേയുള്ളൂ. ഇതൊരു പുതിയ വിഷയമാണ്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്താണ് പറയാനുള്ള തെന്ന് സഭയ്ക്ക് അറിയണം.

മി. സ്പീക്കർ : സഭ നടത്തിക്കൊണ്ടുപോകുന്നതിനും അടിയന്തര പ്രമേയം അവതരിപ്പിക്കുന്നതിനും അംഗീകരിച്ചിട്ടുള്ള ചില നടപടികളും കീഴ്വഴക്കങ്ങളുമുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സമാന സ്വഭാവ മുള്ള വിഷയങ്ങൾ സംബന്ധിച്ച് ഒന്നിൽക്കൂടുതൽ തവണ അടിയന്തര പ്രമേയം അനുവദിച്ചിരുന്നില്ല. ഇത്തരം കീഴ്വഴക്കങ്ങൾ സഭയിലുള്ളതിനാൽ ശ്രീ. കോടിയേരി ബാലകൃഷ്ണന് ഈ വിഷയം ഒന്നാം സബ്മിഷനായി അവതരിപ്പിക്കാവുന്നതാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുമായി ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഫോണിൽ ബന്ധപ്പെടുകയും ഒരു ദിവസംതന്നെ 40-ലധികം ഫോൺ വിളികൾ നടത്തുകയും ചെയ്തത് സംബന്ധിച്ച് മുഖ്യമന്ത്രിക്ക് പറയുവാനുള്ളത് കേൾക്കാൻ പ്രതിപക്ഷത്തിന് അവകാശമുണ്ട്.

മി. സ്പീക്കർ : മുഖ്യമന്ത്രി സബ്മിഷന് മറുപടി പറയും.

**ശ്രദ്ധക്ഷണിക്കൽ**

(നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ ഒന്നാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

**(2) റോഡപകടങ്ങൾ തടയാൻ നടപടി**

ശ്രീ. സി.പി. മുഹമ്മദ് : കേരളത്തിൽ പ്രതിമാസം ശരാശരി 350-ഓളം പേർ റോഡപകടങ്ങളിൽ മരണപ്പെടുന്നുണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ തടയാൻ അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സംസ്ഥാനത്ത് റോഡപകടങ്ങൾ തടയുന്നതിനുവേണ്ടി പോലീസ്, ഗതാഗതം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ സംയുക്ത ശ്രമങ്ങൾ നടത്തുന്നുണ്ട്. ഈ മൂന്ന് വകുപ്പുകൾക്കും ആധുനിക ഉപകരണങ്ങൾ നൽകി റോഡപകടങ്ങൾ കുറയ്ക്കുന്നതിനും അപകടങ്ങൾ സംഭവിക്കുന്ന സ്ഥലത്തുവച്ചുതന്നെ ചികിത്സാ സൗകര്യങ്ങൾ നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**ധനകാര്യം**

**2011-2012 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും**

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ് (57,42,52,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ (84,62,98,000 രൂപ)

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ IX-വാഹന നികുതികൾ (22,88,86,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം (220,81,44,000 രൂപ)

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയും വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ രാവിലെ 9.52-ന് പിരിഞ്ഞു.)